കേരള സർക്കാർ

# വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇകെഎം(പി.7) 42/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി :16.01.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

വാരപ്പെട്ടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തിലെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.-ഇകെഎം(പി.7) 42/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി :16.01.2017

## എറണാകുളംജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 16.2.2016 മുതൽ 2.01.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. ഇതിൽ 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ലഭിച്ച മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : ശ്രീ.ഡി.സുരേഷ് രാജു,<br>ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) |

| | |
|---|---|
| ഓഡിറ്റ് നടത്തിയ തിയതി : | 3.1.2017 മുതൽ 10.1.2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ അജിതൻ ടി.എൻ. | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീ ജോർജ് പി.വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| ശ്രീ വിജു എം.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

.

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീപി.കെ.ചന്ദ്രശേഖരൻ നായർ | 1.4.2015 | 30.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 1.11.2015 | 18.11.2015 |
| | ശ്രീമതി നിർമ്മല മോഹനൻ | 19.11.2015 | 31.3.2016 |
| വൈസ് പ്രസിഡന്റ് | ശ്രീമതി ലീലാമ്മ വർഗ്ഗീസ് | 1.4.2015 | 30.10.2015 |
| | ശ്രീ എ.എസ്. ബാലകൃഷ്ണൻ | 19.11.2015 | 31.3.2016 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
| വികസന കാര്യം | ശ്രീ ചെറിയാൻ ദേവസ്സി | 1.4..2015 | 30.10.2015 |
| | ശ്രീമതി ഉമൈബ നാസനാർ | 19.11.2015 | 31.3.2016 |
| ക്ഷേമകാര്യം | ശ്രീമതി ബിന്ദു ശശി | 1.4..2015 | 30.10.2015 |
| | ശ്രീ പി.വി.മോഹനൻ | 19.11.2015 | 31.3.2016 |
| വിദ്യാഭ്യാസം & ആരോഗ്യ കാര്യം | ശ്രീ ഇ.കെ.മൈതീൻ | 1.4..2015 | 30.10.2015 |
| | ശ്രീമതി സവിത ശ്രീകാന്ത് | 19.11.2015 | 31.3.2016 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ ടി.കെ.രാധാകൃഷ്ണൻ | 1.4.2015 | 31.3.2016 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി ആശ എസ് | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.രേഷ്മ ചന്ദ്രൻ | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.അനിത വി ഷേണായി | 1.4.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.റോയ് എം. ജോർജ് | 1.4.2015 | 31.3.2016 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ഷീല പി.വി. | 1.4.2015 | 31.3.2016 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ , | ഷൈജു പോൾ | 1.4.2015 | 20.12.2015 |

| | | | |
|---|---|---|---|
| കോഴിപ്പിള്ളി | ശ്രീ എം.എസ് സിദ്ധിഖ്,<br>വി.ഇ.ഒ, വാരപ്പെട്ടി<br>(അധിക ചുമതല) | 21.12.2015 | 31.3.2016 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ, വാരപ്പെട്ടി | ശ്രീ എം.എസ് സിദ്ധിഖ് | 1.4.2015 | 31.3.2016 |
| ഹെഡ് മാസ്റ്റർ GLPS, | ശ്രീ ആലിയാർ പി. | 1.4.2015 | 31.3.2016 |
| വെറ്റിനറി സർജൻ | ഡോ.റസീന കരീം | 1.4.2015 | 31.3.2016 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ ഗ്രേഷ്യസ് ജോൺ | 1.4.2015 | 19.5.2015 |
| | ശ്രീമതി സനി എം. നായർ | 20.5.2015 | 25.9.2015 |
| | ശ്രീ ഹരി ആർ | 26.9.2015 | 31.3.2016 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.റമീസ് പി.മുഹമ്മദ് | 1.4.2015 | 31.3.2016 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തിരിച്ചടച്ച തുക | 1-12 | |
| | ഭാഗം - 2 | | |
| 1 | ആഡംബരനികുതി ഈടാക്കിയില്ല. | 2-1 | |
| | ഭാഗം - 3 | | |
| 1 | പത്രപ്പരസ്യം ഡിസ്കൗണ്ട് തുക കുറവ് ചെയ്തില്ല | 3-1 | |
| 2 | ആദായ നികുതി ഈടാക്കിയതിലെ അപാകതകൾ | 3-2 | |
| 3 | ഇലക്ഷൻ മാനവേതനംഅധികം നൽകി | 3-3 | |

| | | | |
|---|---|---|---|
| 4 | അങ്കണവാടികളിലേക്ക് ഫർണീച്ചർ വാങ്ങിയതിലെ അപാകത | 3-4 | |
| 5 | വൃദ്ധജന ആരോഗ്യപരിപാലനം - അപാകതകൾ | 3-5 | |
| 6 | തിമിര രോഗ നിയന്ത്രണം - മെഡിക്കൽ ക്യാമ്പ് നടത്തിയതിലെ അപാകതകൾ | 3-6 | |
| 7 | അഡ്വാൻസ് ഇൻക്രിമെന്റ് അനർഹമായി അനുവദിച്ചു. | 3-7 | |
| 8 | ഫർണ്ണീച്ചർ വാങ്ങിയതിലെ അപാകത | 3-8 | |
| 9 | അധിക നിരക്ക് നൽകി | 3-9 | |
| 10 | യഥാർത്ഥ ചെലവിനേക്കാൾ കൂടുതൽ തുക കൺവീനർക്ക് നൽകി. | 3-10 | |
| 11 | കുടുംബശ്രീ ക്ക് റിവോൾവിംങ് ഫണ്ട് നല്കിയത് | 3-11 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 | |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 6 | ഓഡിറ്റ് റിക്കവറി | 4-6 | |
| 7 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16 | അനുബന്ധം.1 | |
| | ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം.2 | |
| | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.3 | |
| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.4 | |


.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 30.3.2015 ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവുകളുടേയും യഥാർത്ഥ വരവുചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 66271000 | 58730486 |
| വാർഷിക കണക്കുകൾ പ്രകാരം | 26928773 | 30903235 |
| വ്യത്യാസം | 39342227 | 27827251 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ അന്തരമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ മുൻവർഷങ്ങളിലെ കണക്കുകളുമായി താരതമ്യം ചെയ്ത് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരി ഹരിക്കാൻ തിരി ച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31.7.2016 | 30.7.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

വാർഷിക ധനകാര്യപത്രികയിൽ അപാകതകളില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7178605 |
| വരവ് | 26928773 |
| ആകെ | 34107378 |
| ചെലവ് | 30903235 |
| നീക്കിയിരിപ്പ് | 3204143 |

# 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക(*) | ആകെ | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീ ക്കി ബാ ക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 949070 | 5778636 | 7781159 | 6378217 | 1053453 | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 38597 | 1288000 | 1326597 | 995327 | 0 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 2000 | 2000 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 46775 | 5882000 | 5928775 | 5908403 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 10703 | 2320000 | 2330703 | 1911755 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 607774 | 3099485 (TC 723125) | 3707259 | 2984134 | -723125 | 0 |
| ലോക ബാങ്ക് സഹായം | 1922000 | 330328 (TC) | 2252328 | 1903688 | -330328 | 0 |
| ബി ഫണ്ട് | 0 | 16219925 | 16219925 | 16219925 | 0 | 0 |
| MNRGA | 9994 | 3069019 | 3079013 | 3076307 | 0 | 2706 |

(*)ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുകയാണ് വരവായി എടുത്തിട്ടുള്ളത്. 554292/- രൂപ അധികം ലഭിച്ച തുകയാണ്. ധനകാര്യ കമ്മീഷൻ അവാർഡ് തുകയിൽ 743640/- രൂപ കുറവുണ്ടായിട്ടുണ്ട്. ധനകാര്യ കമ്മീഷൻ അവാർഡ് 723125 രൂപ , ലോക ബാങ്ക് ഫണ്ടിലെ 330328 രൂപ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

ചെലവഴിക്കാതെ പോയ തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഫണ്ട് | ചെലവഴിക്കാതെ പോയ തുക |
|---|---|
| വികസന ഫണ്ട് (ജനറൽ) | 1402942 |
| വികസന ഫണ്ട്(എസ്.സി.പി) | 331270 |
| വികസന ഫണ്ട്(ടി.എസ്.പി) | 2000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 20372 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 404803 |

അനുവദിച്ച കിട്ടിയ മുഴുവൻ തുകകളും കൃത്യമായി ചെലവഴിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുവാനുള്ള നടപടികൾ ഭാവിയിൽ സ്വീകരിക്കേണ്ടതാണ്.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്.എണ്ണം | പദ്ധതി ചെലവ് | ഭാഗികമായിനടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 129 | 29923612 | 105 | 22693515 | 0 | 24 | 81.39 |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 29.94 ശതമാനം കുറവുണ്ടായിട്ടുണ്ട്

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4348492 | 2868290 | -1480202 | -34.04 |
| നികുതിയേതര വരവുകൾ | 601233 | 667035 | 65802 | 10.94 |
| മറ്റുവരവുകൾ + പലിശ | 99443 | 2032 | -97411 | -97.96 |
| ആകെ | 5049168 | 3537357 | -1511811 | -29.94 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 167880 | 105 |
| കർഷകതൊഴിലാളി പെൻഷൻ | 3201720 | 315 |
| വിധവാപെൻ ഷൻ | 5832520 | 472 |
| വാർദ്ധക്യകാല പെൻഷൻ | 4806570 | 502 |
| ശാരീരികവും മാനസിക വുമായി വെല്ലുവിളി നേരിടു ന്നവർക്കുള്ള പെൻഷൻ | 1751075 | 135 |

| | | |
|---|---|---|
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനതകൾക്കുള്ള ധനസഹായം | 240160 | 20 |
| വിവാഹ ധനസഹായം | 60000 | 2 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3.1.2017 ന് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2637/- രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

.

## 1-10 ആഭ്യന്തരനിയന്ത്രണം.

ആസ്തി രജിസ്റ്റർ. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. എല്ലാ ആസ്തികളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.12.2016 | 11/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8.2.2016മുതൽ 22.2.2016വരെ | 2010-11 മുതൽ 2014-15 വരെ | 31.3.2016 |

## 1-12 ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തിരിച്ചടച്ച തുക

ആർജിതാവധി അനുവദിച്ചപ്പോൾ അധികം നൽകിയ തുക ഓഡിറ്റ് എൻക്വയറിയെ തുടർന്ന് രസീതി നം. 11604102744/ 9.1.2017 പ്രകാരം 1005/- രൂപ അടവാക്കിയിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ആഡംബര നികുതി ഈടാക്കിയില്ല.

1976 ലെ കേരള ടാക്സ് ഓൺ ലക്ഷ്വറീസ് നിയമം, വകുപ്പ് 32 പ്രകാരം (ഫിനാൻസ് ആക്ട് 2014) കൺവെൻഷൻ സെന്റർ, ഹാൾ, കല്യാണ മണ്ഡപം, ഓഡിറ്റോറിയം തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തനം തുടങ്ങി ഏഴ് ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യേണ്ടതും പ്രസ്തുത സ്ഥാപനങ്ങളിൽ നടക്കുന്ന ഓരോ പരിപാടിക്കും 3000/- മുതൽ 10000/-വരെയുള്ള തുകകൾക്ക് 10% വും, 10000/- മുതൽ 20000/- വരെയുള്ള തുകകൾക്ക് 15% വും ലക്ഷ്വറി ടാക്സ് ഈടാക്കേണ്ടതാണ്. ആയത്

പ്രകാരം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ 2015-16 സാമ്പത്തിക വർഷത്തിൽ വിവിധ പരിപാടികൾക്ക് താഴെപ്പറയുന്ന വ്യക്തികൾക്ക് നല്കിയിട്ടുള്ളതാണ്. എന്നാൽ ഇവരിൽ നിന്ന് നിയമാനുസൃതമായ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | മേൽവിലാസം | തുക | രസീത് നം | തീയതി | ഈടാക്കേണ്ടി യിരുന്ന നികുതി |
|---|---|---|---|---|---|
| 1 | ഫഹദ്മീരാൻ, ഇലവുംതടത്തിൽ., ഏനാനല്ലൂർ | 4500 | 11504100042 | 07.04.2015 | 450 |
| 2 | രാമചന്ദ്രൻ , വട്ടക്കൈതയിൽ, ക ക്കാട്ടൂർ | 4500 | 11504100138 | 20.04.2015 | 450 |
| 3 | കെ.സി.അയ്യപ്പൻ , സി.പി.ഐ.എം. വാരപ്പെട്ടി | 800 | 11504100153 | 21.04.2015 | 80 |
| 4 | പി.ഒ.ബാബു , പുല്ലൻ വീട്,ഇഞ്ചൂർ | 4500 | 11504100190 | 23.04.2015 | 450 |
| 5 | ബാബുരാജ്.എസ്. ഈരംവിള. വാരപ്പെട്ടി | 4500 | 11504100218 | 29.04.2015 | 450 |
| 6 | ഇ.ടി.മോഹനൻ. ഇടപ്പാട്ടു വീട്, വാരപ്പെട്ടി | 4500 | 11504100229 | 04.05.2015 | 450 |
| 7 | കെ.വി.ചാക്കോ. പുന്നേക്കോട്ടയിൽ. വാരപ്പെട്ടി | 4500 | 11504100294 | 13.05.2015 | 450 |
| 8 | ജിൻഷാദ്.എം.എം. മുളംകലിൽ. വാരപ്പെട്ടി | 4500 | 11504100318 | 14.05.2015 | 450 |
| 9 | ദാസ്.പി.കെ. സെക്രട്ടറി. ആർട്ട് ഓഫ് ലീവിംങ് | 2800 | 11504100442 | 27.05.2015 | 280 |
| 10 | സരസ്വതിവിദ്യാനികേതൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ , വാരപ്പെട്ടി | 2800 | 11504100493 | 01.06.2015 | 280 |
| 11 | സുനിൽ ചാക്കോ, മുക്കാനിക്കൽ വീട്, വാരപ്പെട്ടി | 4500 | 11504100617 | 15.06.2015 | 450 |
| 12 | എം.എം,ഷംസുദീൻ, മാക്കൽ, കോഴിപ്പള്ളി | 4500 | 11504100646 | 18.06.2015 | 450 |
| 13 | ശ്രീധരൻ നായർ, ഇടാട്ട്, വാരപ്പെട്ടി | 4500 | 11504100682 | 20.06.2015 | 450 |
| 14 | ദാസ്.പി.കെ. സെക്രട്ടറി. ആർട്ട് ഓഫ് ലീവിംങ് | 2800 | 11504100695 | 24.06.2015 | 280 |
| 15 | സിനോജ്.സി.വി സെക്രട്ടറി. ആർട്ട് ഓഫ് ലീവിംങ് | 3734 | 11504100782 | 09.07.2015 | 373 |

| | | | | | |
|---|---|---|---|---|---|
| 16 | ശിവദാസൻ.ഇ.എസ്. ഇടയത്ത്. വാരപ്പെട്ടി | 4500 | 11504100808 | 13.07.2015 | 450 |
| 17 | സി.കെ.ശിവൻ. അഞ്ജലി ഭവൻ, വാരപ്പെട്ടി | 4500 | 11504100852 | 20.07.2015 | 450 |
| 18 | എം സി. രാമചന്ദ്രൻനായർ. നെടുംതോട്ടിൽ പുത്തൻചിറ വാരപ്പെട്ടി | 4500 | 11504100931 | 01.08.2015 | 450 |
| 19 | കെ.പി.ചെറിയാൻ. കക്കാടശ്ശേരിൽ.വാരപ്പെട്ടി | 4500 | 11504101010 | 17.8.15 | 450 |
| 20 | സുനിൽകുമാർ.പി.എൻ പാറായിൽ, കക്കാട്ടൂർ | 4500 | 11504101049 | 24.08.2015 | 450 |
| 21 | രാജഗോപാലൻ. കെ.എസ്. കരിമ്പിൻ കാലയിൽ വാരപ്പെട്ടി | 4500 | 11504101190 | 16.09.2015 | 450 |
| 22 | ജോസ്.കെ.പി. കക്കാടശ്ശേരിയിൽ. വാരപ്പെട്ടി | 4500 | 11504101218 | 17.09.2015 | 450 |
| 23 | ജോഷിതോമസ്. മുക്കാലയിൽ. വാരപ്പെട്ടി | 4500 | 11504101246 | 22.09.2015 | 450 |
| 24 | കുര്യൻ.കെ.സി. കുരുന്നപ്പിള്ളി. മൈലൂർ | 4500 | 11504101283 | 29.09.2015 | 450 |
| 25 | ഇന്ദിര പ്രകാശ്, പണിക്കാഞ്ഞയിൽ, വാരപ്പെട്ടി | 4500 | 11504101305 | 29.09.2015 | 450 |
| 26 | കെ.സി.അയ്യപ്പൻ. കൺവാനർ.എൽ.ഡി.എഫ് | 800 | 11504101352 | 08.10.2015 | 80 |
| 27 | അമല്യ .പി.ആർ. പട്ടുത്തോട്ടിൽ. കക്കാട്ടൂർ | 4500 | 11504101546 | 10.10.2015 | 450 |
| 28 | വി.പി ശ്രീധരൻ. വേലൻപ്പറമ്പിൽ. കലാമ്പൂർ | 4500 | 11504101549 | 16.10.2015 | 450 |
| 29 | കൃഷ്ണരാജ്. ശിവവിലാസം. വാരപ്പെട്ടി | 4500 | 11504101558 | 19.10.2015 | 450 |
| 30 | മേരിതങ്കച്ചൻ കുരുന്നപ്പിള്ളി. മൈലൂർ | 4500 | 11504101575 | 20.10.2015 | 450 |
| 31 | ഹരിദാസ്.കെ.എസ്. കല്ലൂർ, വാരപ്പെട്ടി | 4500 | 11504101577 | 20.10.2015 | 450 |
| 32 | സെക്രട്ടറി. സർവ്വീസ് സഹകരണ ബാങ്ക്, വാരപ്പെട്ടി | 2800 | 11504101667 | 17.11.2015 | 280 |
| 33 | രാജൻ വി.കെ ശ്രീനിലയം ഇഞ്ചൂർ കോഴിപ്പള്ളി | 4500 | 11504101677 | 18.11.2015 | 450 |
| 34 | അസീസ്.എം.എം. മാക്കനാട്ട്. | 1500 | 11504101784 | 24.11.2015 | 150 |

| | | | | | |
|---|---|---|---|---|---|
| | മൈലൂർ | | | | |
| 35 | രമേഷ് ബാബു.<br>തെക്കേവീട്ടിൽ<br>വാരപ്പെട്ടി | 4500 | 11504101797 | 01.12.2015 | 450 |
| 36 | സി.പി.സക്കീർ<br>പീണ്ടൂർ ബ്രാഞ്ച് കമ്മറ്റി | 2300 | 11504101797 | 14.12.2015 | 230 |
| 37 | സാർലസ്.വി<br>ചെറുകര.<br>വാരപ്പെട്ടി | 4500 | 11504101873 | 14.12.2015 | 450 |
| 38 | നിയാസ്.ഇ.എം.<br>ഇസ്ളാമിക്ക് യൂത്ത് ക്ലബ് | 4500 | 11504101876 | 14.12.15 | 450 |
| 39 | ഉഷാ കുമാരി.പി.എം.<br>ചെറുകരപ്പറമ്പിൽ.<br>വാരപ്പെട്ടി | 4500 | 11504101888 | 14.12.2015 | 450 |
| 40 | ടി.സി വിക്രമൻ.<br>ആർട്ട് ഓഫ് ലീവിംങ്.<br>വാരപ്പെട്ടി | 2800 | 11504101901 | 17.12.2015 | 280 |
| 41 | അയ്യപ്പൻ.കെ.സി.<br>സെക്രട്ടറി. സി.പി.എം.<br>വാരപ്പെട്ടി | 800 | 11504101969 | 31.12.2015 | 80 |
| 42 | ജോസഫ്.പി.ടി<br>പണിച്ചിക്കുടിയിൽ.<br>വാരപ്പെട്ടി | 4500 | 11504101974 | 01.01.2016 | 450 |
| 43 | ഉഷാകുമാരി. ശിവകൃപ.<br>വാരപ്പെട്ടി | 4500 | 11504101976 | 01.01.2015 | 450 |
| 44 | സി.ജി.ഗോപാലകൃഷ്ണൻ.<br>പാലാട്ട്, വാരപ്പെട്ടി | 4500 | 11504101981 | 04.01.2016 | 450 |
| 45 | കെ.ഗോപാലകൃഷ്ണൻ.<br>തത്തുവള്ളിയിൽ.<br>വാരപ്പെട്ടി | 4500 | 11504102103 | 18.01.2016 | 450 |
| 46 | കെ.ഗോപാലകൃഷ്ണൻ.<br>തത്തുവള്ളിയിൽ.<br>വാരപ്പെട്ടി | 4500 | 11504102105 | 18.01.2015 | 450 |
| 47 | ടി.സി. വിക്രമൻ<br>സെക്രട്ടറി.<br>ആർട്ട് ഓഫ് ലീവിംങ് | 2800 | 11504102110 | 18.01.2015 | 280 |
| 48 | പി.കെ.അബ്ദുൾ കരീം<br>പടിക്കമറ്റത്തിൽ. മൈലൂർ | 4500 | 11504102172 | 25.01.2016 | 450 |
| 49 | ജോർജ്.പി.എം.<br>പരിയാരത്ത് ,വാരപ്പെട്ടി | 4500 | 11504102464 | 18.02.2016 | 450 |
| 50 | സജി.എം.ആർ.<br>മംഗലത്ത്, മൈലൂർ | 4500 | 11504102538 | 22,02,2016 | 450 |
| 51 | കെ.സി.അയ്യപ്പൻ.<br>സെക്രട്ടറി. സി,പി.എം. | 800 | 11504102558 | 23.02.2016 | 80 |
| 52 | പി.എസ്.നജീബ്.<br>പുന്നേക്കോട്ടയിൽ<br>വാരപ്പെട്ടി | 4500 | 11504102620 | 27.02.2016 | 450 |
| 53 | അലി.<br>വഴിത്തൊടിയിൽ.<br>വാരപ്പെട്ടി. | 9000 | 11504102721 | 05.03.2016 | 900 |

| | | | | | |
|---|---|---|---|---|---|
| 54 | ബലഭദ്രൻ കുട്ടൻ കല്ലേലിൽ. ഏറാമ്പ്ര | 4500 | 11504102847 | 14.03.2016 | 450 |
| 55 | കെ.സി.അയ്യപ്പൻ. സെക്രട്ടറി.സി,പി.എം | 800 | 11504102939 | 19.03.2016 | 80 |
| ആകെ = 21733/- | | | | | |

മേൽ നിയമപ്രകാരം ലക്ഷ്വറി ടാക്സ് ഈടാക്കാതിരുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല. തുക ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പത്രപ്പരസ്യം ഡിസ്കൗണ്ട് തുക കുറവ് ചെയ്തില്ല

വീക്ഷണം ദിനപത്രത്തിൽ പരസ്യം നൽകിയതിന് 30.1.16 ൽ ചെക്ക് നമ്പർ 680069 പ്രകാരം 4080 /- രൂപ നൽകിയിട്ടുണ്ട്. പത്രസ്ഥാപനം നൽകിയ ബില്ലിൽ 612 /- രൂപയുടെ കിഴിവ് നൽകിയിട്ടുണ്ടായിരുന്നു. ഈ കിഴിവ് കഴിച്ച് 3468/- രൂപയാണ് അടവാക്കേണ്ടിയിരുന്നത്. എന്നാൽ ഈ കിഴിവ് കുറവ് ചെയ്യാതെ 4080 /- രൂപ അടവാക്കിയതിലൂടെ 612 /- രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട് .ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-2 ആദായ നികുതി ഈടാക്കിയതിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ വിവിധ കരാർ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ സ്ഥാപനങ്ങളിൽ നിന്നും ആദായ നികുതി വകുപ്പ് 194 (സി) പ്രകാരം ഉറവിടത്തിൽ കിഴിക്കേണ്ട നികുതി (ടി.ഡി.എസ്) ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | കരാർ / പ്രവർത്തികൾ | നൽകിയ തുക | ചെക്ക് /ഡി.ഡി. നമ്പർ / തിയതി | ഈടാക്കണ്ട2% നികുതി |
|---|---|---|---|---|
| ജവഹർ പ്രിന്റേഴ്സ് | വിവിധ അച്ചടി പ്രവർത്തികൾ ചെയ്തത് | 95235 | 674810/29.10.15 | 1905 |
| പുല്ലൻസ് ഡെക്കറേഷൻ | വിവിധ പ്രവർത്തികൾ ചെയ്തത് | 76700 | 128632/30.10.15 | 1534 |

| | |
|---|---|
| ആകെ | 3439 |

ഈ തുക ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്

# 3-3 ഇലക്ഷൻ മാനവേതനംഅധികം നൽകി

2015 ലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഇലക്ഷനോടനുബന്ധിച്ച് തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ട ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് മാനവേതനമായി 24000/- രൂപ ചെക്ക് നമ്പർ 129207 തീയതി 19.1.16 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ 8.1.16 ലെ 5/2016 ലെ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തിൽ താഴെ പറയുന്ന നിരക്കിലാണ് മാനവേതനം അനുവദിക്കേണ്ടത്.

| ജീവനക്കാരുടെ തസ്തിക | നൽകേണ്ട ഹോണറേറിയം |
|---|---|
| ഇലക്ഷൻ റിട്ടേണിംഗ് ഓഫീസർ (ഒരാൾക്ക്) | 5000 |
| അസി. ഇലക്ഷൻ റിട്ടേണിംഗ് ഓഫീസർ (ഒരാൾക്ക്) | 4000 |
| സൂപ്രണ്ട്, എച്ച്.സി, ക്ലർക്കുമാർ (3 പേർക്ക്) | 3000 x 3 =9000 |
| ഓഫീസ് അറ്റൻഡ് , ഡ്രൈവർ ( ഒന്ന് വീതം) | 2000 |
| ആകെ | 20000 |

എന്നാൽ മേൽ പറഞ്ഞ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തിൽ മാനവേതനം നൽകിയിരിക്കുന്നത് താഴെ പറയും പ്രകാരമാണ് .

| ജീവനക്കാരുടെ തസ്തിക | നൽകിയ ഹോണറേറിയം |
|---|---|
| ടി.കെ.രാധാകൃഷ്ണൻ, സെക്രട്ടറി (ഇലക്ഷൻ റിട്ടേണിംഗ് ഓഫീസർ) | 5000 |
| സുനിൽ .കെ.എൻ, ഹെഡ്ക്ലാർക്ക് (അസി. ഇലക്ഷൻ റിട്ടേണിംഗ് ഓഫീസർ ) | 4000 |
| ഇ. എൻ.വിജയൻ, അക്കൗണ്ടന്റ് (അസി. ഇലക്ഷൻ റിട്ടേണിംഗ് ഓഫീസർ ) | 4000 |
| ബിന്ദു (ക്ലർക്ക്) | 3000 |
| ഹനീഷ്.പി.ആർ (ക്ലർക്ക്) | 3000 |
| നൈസി.എൻ.ജോസ് (ക്ലർക്ക്) | 3000 |
| പി.എം.ഏലിയാമ്മ (ഓഫീസ് അറ്റന്റന്റ്) | 2000 |
| ആകെ | 24000 |

ആയതിൻ പ്രകാരം മാന വേതനമിനത്തിൽ 24000 – 20000 = 4000 രൂപ അധികം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഈ ചെലവ് തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുകയോ അല്ലാത്ത പക്ഷം സെക്രട്ടറിയിൽ നിന്നും വസൂലാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കുകയോ ചെയ്യേണ്ടതാണ്.

## 3-4 അങ്കണവാടികളിലേക്ക് ഫർണ്ണിച്ചർ വാങ്ങിയതിലെ അപാകത

| | |
|---|---|
| പ്രോജക്ട് നം, പേര് | S0076 /2016 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ചെലവ് | 200000/-ബിൽ. 5/ 2015-16 തീയതി 19.3.2016 |

മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിന് 20.02.2015 ൽ ക്വട്ടേഷൻ ക്ഷണിച്ചതിൽ 4 സ്ഥാപനങ്ങൾ പങ്കെടുത്തിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥൻ സമർപ്പിച്ച നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരം ഒരു ഡെസ്കിന് (ടാക്സ് ഉൾപ്പെടെ ) വിവിധ സ്ഥാപനങ്ങൾ നൽകിയ ക്വട്ടേഷനുകളുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു

| സ്ഥാപനങ്ങളുടെ പേര് | സ്പെസിഫിക്കേഷൻ | ടാക്സ്ഉൾപ്പെടെയുള്ള തുക |
|---|---|---|
| സ്റ്റെയിൽ ഓഫ് സ്റ്റീൽ | 48 x 16 x 25 | 4985 |
| കാഡ്കോ,കൊല്ലം | 48 x 16 x 25 | 4350 |
| എറണാകുളം ജില്ലാ മൊത്ത വ്യാപാര സഹകരണ സൊസൈറ്റി | 48 x 16 x 25 | 4800 |
| ഡെൽറ്റാ സിസ്റ്റംസ് | 48 x 16 x 25 | 4230 |

അപാകതകൾ

1- 4230/- നിരക്കിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത് ഡെൽറ്റ സിസ്റ്റംസ് , വെളിയന്നൂർ , പി.ഒ, കോട്ടയം എന്ന സ്ഥാപനമാണ്. എന്നാൽ ടി സ്ഥാപനത്തിൽ നിന്നും ഫർണ്ണീച്ചർ വാങ്ങതെ ഒരു ഡെസ്കിന് 4350/- നിരക്കിൽ കേരള ആർട്ടിസാൻ ഡെവലപ്പമെന്റ് കോർപ്പറേഷൻ ലിമിറ്റഡിന് പർച്ചേസ് ഓർഡർ നല്കുകയും ആയത് പ്രകാരം ടി സ്ഥാപനത്തിൽ നിന്നും 46 ബെഞ്ചും ഡെസ്കും വാങ്ങിയിട്ടുണ്ട്.

2-കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഡെൽറ്റ സിസ്റ്റംസ്, വെളിയന്നൂർ.പി.ഒ, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും ഫർണ്ണീച്ചർ വാങ്ങാതെ കാഡ്കോയിൽ നിന്നും ഫർണ്ണീച്ചർ വാങ്ങിയതിലൂടെ ഒരു ബെഞ്ചും ഡെസ്കിനും കൂടി 120/- രൂപയുടെ നഷ്ടം പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. ആയതുപ്രകാരം 46 ബെഞ്ചും ഡെസ്കിനും കൂടി 5520/-രൂപയുടെ ( 46 x 120 =5520) നഷ്ടം പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്.

മേൽ അപാകതകൾക്കുള്ള മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ഈ ചെലവ് തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-5 വൃദ്ധജന ആരോഗ്യപരിപാലനം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 20/15-16 |
| നിർവ്വഹണ ഉദ്യാഗസ്ഥ | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി |
| ചെലവ് വിവരം | 50000/- (37350 ബിൽ 8/15-16 തിയതി 21.3.16, 12650/-ചെക്ക് 126345തിയതി 12.3.16) |

ഗ്രാമ പഞ്ചായത്തിലെ വൃദ്ധജനങ്ങളുടെ ആരോഗ്യപരിപാലനത്തിനായി ഒരു ഹെൽത്ത് ക്ലബ്ബ് രൂപീകരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഈ പ്രോജക്ട് നടപ്പിലാക്കിയത് . എന്നാൽ സ്ഥല സൗകര്യം അപര്യാപ്തമായതിനാൽ നാളിതുവരെയായിട്ടും ഈ പദ്ധതി ആരംഭിച്ചിട്ടില്ല. ഈ പദ്ധതി ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

## 3-6 തിമിര രോഗ നിയന്ത്രണം - മെഡിക്കൽ ക്യാമ്പ് നടത്തിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 13/2015-16 |
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി |
| ചെലവ് വിവരം | 30000/-<br>ബിൽ നമ്പർ 5/15-16 തിയതി 16.12.2015 |

അപാകതകൾ

1- ജി.ഒ.എം.എസ് 362/13 തിയതി 16.11.13ലെ സർക്കാർ ഉത്തരവ് ഖണ്ഡിക 7-7 പ്രകാരം ഉത്പാദനപരമല്ലാത്ത പരിപാടികളായ ക്യാമ്പയിനുകൾ, മേളകൾ മുതലായവ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ല. എന്നാൽ വിദൂര സ്ഥലങ്ങളിൽ പ്രത്യക വിഭാഗത്തിനുവേണ്ടി ബോധവൽക്കരണ പരിപാടികൾ ഏറ്റെടുത്ത് നടത്താവുന്നതാണ്. മേൽ ഉത്തരവ് പ്രകാരം മെഡിക്കൽ ക്യാമ്പ് നടത്തുവാൻ പാടില്ല

2) മേൽ ഉത്തരവ് പ്രകാരം അനുവാദമില്ലാത്ത പ്രോജക്ടുകൾക്ക് വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് മാർഗ്ഗ വിരുദ്ധമാണ്.

3) പടയാട്ടിൽ ഓപ്റ്റിക്കൽസിൽ നിന്നും കണ്ണട വാങ്ങിയതിന്റെ ബില്ല് സംബന്ധിച്ച് വ്യക്തതയില്ല. മേൽ അപാകതകൾക്ക് ലഭിച്ച മറപപടി തൃപ്തികരമല്ലാത്തതിനാൽ ചെലവ്തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 അഡ്വാൻസ് ഇൻക്രിമെന്റ് അനർഹമായി അനുവദിച്ചു.

19.08.2015 ൽ അക്കൗണ്ടന്റ് തസ്തികയിൽ നിന്നും കൺവെർഷൻ ലഭിച്ച് ഹെഡ് ക്ലാർക്കായി നിയമിതനായപ്പോൾ, ശ്രീമതി എസ്.സുനിതയ്ക്ക് ഒരു അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ച് ശമ്പളം നിർണ്ണയിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് തസ്തികയിൽ നിന്നും ഹെഡ് ക്ലാർക്കിലേക്കുള്ള ഒരു കൺവർഷൻ മാത്രമാണ് ഇവിടെ നടന്നിട്ടുള്ളത്. (പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് E3-101/2014(2)/ 17.8.2015). 19.8.2015 ൽ അക്കൗണ്ടന്റ് തസ്തികയിലെ അടിസ്ഥാന ശമ്പളം 33900/- (27800-59400) രൂപയാണ്. എന്നാൽ അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ച് 34800/- (33900 +900) രൂപയായി ശമ്പളം നിജപ്പെടുത്തി. യഥാർത്ഥത്തിൽ 33900/- രൂപയിലാണ് ശമ്പളം നിർണ്ണയിക്കേണ്ടിയിരുന്നത്.ശമ്പളനിർണ്ണയം പരിശോധിക്കേണ്ടതാണ്.

## 3-8 ഫർണ്ണീച്ചർ വാങ്ങിയതിലെ അപാകത

ഹെഡ് മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടിലെ ചില അപാകം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | S0018/2016, ഗവ. സ്കൂളുകൾക്ക് ഫർണ്ണിച്ചർ വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ്. എളങ്ങവം |
| അടങ്കൽ /ഫണ്ട് | 250000/- മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ്, ഡി.ഡി.നം. തീയതി | 247942/- ഡി.ഡി നം 684995, തീയതി 07.04.2016 |
| ബിൽ നം. തീയതി | 02.2015-16 തീയതി 03.03.2016 |

മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിന് 20.02.2015 ൽ ക്വട്ടേഷൻ ക്ഷണിച്ചോൾ 6 സ്ഥാപനങ്ങൾ പങ്കെടുക്കുകയുണ്ടായി. നിർവ്വഹണോദ്യോഗസ്ഥൻ സമർപ്പിച്ച നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരം ഒരു ഡെസ്കിന് (ടാക്സ് ഉൾപ്പെടെ ) 4230/- നിരക്കിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത് ഡെൽറ്റ സിസ്റ്റംസ് , വെളിയന്നൂർ ,പി.ഒ, കോട്ടയം എന്ന സ്ഥാപനമാണ്. എന്നാൽ ടി സ്ഥാപനത്തിൽ നിന്നും ഫർണ്ണിച്ചർ വാങ്ങാതെ ഒരു ഡെസ്കിന് 4350/- ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത കേരള ആർട്ടിസാൻ ഡെവലപ്പമെന്റ് കോർപ്പറേഷൻ ലിമിറ്റഡിന് പർച്ചേസ് ഓർഡർ നല്കി. ആയത്പ്രകാരം ടി സ്ഥാപനത്തിന്റെ 12.01.2016 ഇൻവോയ്സ് നം 85 പ്രകാരം 247942/- രൂപ പ്രസ്തുത സ്ഥാപനത്തിന് നല്കിയിട്ടുള്ളതാണ്.

1) കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിട്ടും എന്ത് കൊണ്ട് ഡെൽറ്റ സിസ്റ്റ്ംസ്, വെളിയന്നൂർ.പി.ഒ, കോട്ടയം എന്ന സ്ഥാപനത്തിന് പർച്ചേസ് ഓർഡർ കൊടുത്തില്ല എന്ന് വിശദീകരിക്കേണ്ടതാണ്.

2 ) 30.01.2016 ലെ ജി.ഒ (ആർ. ടി)നം 06/2016 .എസ്.പി.ഡി പ്രകാരം ടെണ്ടർ നടപടികൾ കൂടാതെ കാഡ്ക്കോ യിൽ നിന്ന് സർക്കാർ നിശ്ചയിച്ച നിരക്കിൽ ഫർണ്ണിച്ചർ വാങ്ങാവുന്നതാണ്. ഇവിടെ ടെണ്ടർ നടത്തി കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയതിന് വിശദീകരണം നല്കേണ്ടതാണ്.

3) കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഡെൽറ്റ സിസ്റ്റ്ംസ്, വെളിയന്നൂർ .പി.ഒ, കോട്ടയം എന്ന സ്ഥാപനത്തിന് പർച്ചേസ് ഓർഡർ കൊടുത്തിരുന്നെങ്കിൽ ഫർണ്ണിച്ചർ വാങ്ങുന്നതിന് 241110/-രൂപ ചെലവഴിച്ചാൽ മതിയായിരുന്നു. എന്നാൽ കാഡ്കോ യിൽ നിന്നും വാങ്ങിയത് വഴി 6832/- രൂപയുടെ നഷ്ടം പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്.

4) ഗവ.ലോവർ പ്രൈമറിസ്കൂൾ എളങ്ങവം, ലോവർപ്രൈമറി സ്കൂൾ കോഴിപ്പിള്ളി എന്നീ സ്കൂളുകളിലേക്ക് നൽകിയ യഥാക്രമം 19,18 ജോഡി ബഞ്ചുകളും മേശകളും കൈപ്പറ്റിയതിന്റെ വിവരം പരിശോധനക്ക് ഹാജരാക്കിയില്ല.
അധികം ചെലവഴിച്ച 6832/- രൂപ ഹെഡ്മാസ്റ്ററിൽ നിന്നെ ഈടാക്കേണ്ടതാണ്

## 3-9 അധിക നിരക്ക് നൽകി

Dry rubble masonry with hard stone ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് ഒബ്സർവഡ് ഡേറ്റായാണ് പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ളത്. ഇപ്രകാരം നിരക്ക് തയ്യാറാക്കിയപ്പോൾ അധിക നിരക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | അളവ് | നിരക്ക് | നൽകാവുന്ന നിരക്ക് /m3 | പഞ്ചായത്ത് നൽകിയ നിരക്ക് /m3 |
|---|---|---|---|---|
| Stone for masonary work | 1.00 | 900 | 900 | 945 |
| Carriage of Soling stone & masonary stone | 1.00 | 125.28 | 125.28 | 131.54 |
| labour<br>Mason (For Stone work) | 0.70/day | 399 | 279.30 | 279.30 |
| Beldar | 0.80/day | 329 | 263.20 | 263.20 |
| Total | | | 1567.78 | 1619.04 |
| Add water charges 1% | | | 15.67 | 16.19 |
| Total | | | 1583.45 | 1635.23 |
| Cost Index @ 0.3905 / 0.4476 | | | 618.33/ 708.75 | 638.56 / 731.93 |
| Total | | | 2201.78 / 2292.20 | 2273.79 / 2367.16 |
| അധികം നൽകിയത് | | | 72.01 / 74.96 m2 | |

ഈയിനത്തിൽ 72.01 / 74.96 m3ന് തുക അധികമായിട്ടാണ് പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ നൽകിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

.

| പ്രൊജക്ട് നം. പേര് | കൺവീനർ /അളവു പുസ്തകം | ചെലവ് തുക/ ബിൽ നം.ഡി. ഡി. നം. | നൽകിയത് @ 2274 / 2367 | നൽകാവുന്നത്@ m3/ 2201.78 / 2292.20 | അധികം |
|---|---|---|---|---|---|
| S0068/16, പാണ്ടെപ്പിള്ളി പടി - കിഴിക്കാട്ടുപടി റോഡ് സൈഡ് കെട്ട്,മെറ്റലിംഗ് , കോൺ ക്രീറ്റിംഗ് | കെ.പി. ഏലിയാസ് /11/2015-16 | 29/2015-16/ 30.10.2016= 458274 | 56.50m3 x 2274 = 128481.00 | 56.50 x 2202 = 124413 | 4068 |
| S0138/ 16, CHC പടി പാണ്ടെപ്പിള്ളി റോഡ് | എൽദോ തോമാസ് 29/2015-16 | 675754/ 31.10.2015 = 315526 | 72.60m3 x 2367 = 171844 | 72.60m3 x 2292.20 = 166413.70 | 5430 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഭിത്തി ഓട നിർമ്മാണം. | | | | | |
| S0058/16, ജവഹർനഗർ കുഴിവേലിക്കടവ് റോഡ് സൈഡ് കെട്ട് | പ്രിൻസ് ദേവസ്യ 42 / 2015-16 | 68350/ 30.3.2016= 184715 | 68.62 x 2274 = 156041 | 68.62 x 2202 = 151101 | 4950 |
| | | | | ആകെ | 14448 |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2) മറുപടി നൽകിയില്ല. അധികം നൽകിയ തുക കൺവീനർമാരിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-10 യഥാർത്ഥ ചെലവിനേക്കാൾ കൂടുതൽ തുക കൺവീനർക്ക് നൽകി.

| | |
|---|---|
| പ്രോജക്ട് നമ്പർ. | S00143/16, കക്കാട്ടൂർ തോട് സംരക്ഷണ ഭിത്തി നിർമ്മാണം |
| അളവു പുസ്തകം | 26/ 2015-16 |
| കൺവീനറുടെ പേര് | ശ്രീ.CM അബു |
| ചെലവ് | ഡി.ഡി.നം.682362/ 17.3.2016 = 112964 |

കക്കാട്ടൂർ തോട് സംരക്ഷണ ഭിത്തി നിർമ്മാണം എന്ന പ്രോജക്ടിന്റെ കൺവീനറുടെ കണക്കുകൾ പ്രകാരം ആകെ ചെലവ് 100509 /- രൂപയാണ്. ഗുണഭോക്തൃ സമിതി യോഗം ഈ ചെലവ് അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ അളവു പുസ്തകം പ്രകാരം ആകെ പ്രവൃത്തി മൂല്യം 115650 /- രൂപയാണ് (limited to 115270-) (6 % ടാക്സുൾപ്പെടെ 122186/-). ഈ തുകയിൽ നിന്നും 2% ആദായ നികുതി (2304/-) കറവ് ചെയ്ത് 112964/- രൂപ കൺവീനർക്ക് നൽകുകയും ചെയ്തു.

1999 -ൽ സംസ്ഥാന ആസൂത്രണ ബോർഡ് പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം, എഞ്ചിനീയർമാർ രേഖപ്പെടുത്തുന്ന അളവുകളനുസരിച്ചുള്ള പ്രവൃത്തികൾക്ക് കരാർ ഉടമ്പടി പ്രകാരമുള്ള ബിൽ തുകയോ, ഗുണഭോക്തൃ സമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണ് കുറവ് അതാണ് ഗുണഭോക്തൃ സമിതിക്ക് നൽകേണ്ടത്' എന്ന് വ്യക്തമാക്കിയിട്ടുണ്ട്. യഥാർത്ഥ ചെലവിനേക്കാൾ അളവു പുസ്തകം പ്രകാരമുള്ള തുക നൽകിയതു മൂലം 14465/- രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്.

| | |
|---|---|
| കൺവീനറുടെ കണക്കു പ്രകാരം ആകെ ചെലവ് | 100509 |
| (-) 2 % ആദായനികുതി | 2010 |
| കൺവീനർക്ക് നൽകേണ്ട തുക | 98499 |
| നൽകിയത് | 112964 |
| അധികം നൽകിയത് | 14465 |

(2) Dry rubble masonry with hard stone ഉപയോഗിച്ചുള്ള പ്രവൃത്തിക്ക് അധിക നിരക്ക് നൽകിയിട്ടുണ്ട്. (നിരക്കുകളുടെ വിവരം മുൻ ഖണ്ഡികയിൽ ചേർത്തിട്ടുണ്ട്.

| പ്രൊജക്ട് നം. പേര് | കൺവീനർ /അളവു പുസ്തകം | ചെലവ് തുക/ ബിൽ നം.ഡി. ഡി. നം. | നൽകിയത് @ 2274 / 2367 | നൽകാവുന്നത്@ m3/ 2201.78 / 2292.20 | അധികം |
|---|---|---|---|---|---|
| S00143/16, കക്കാട്ടൂർ തോട് സംരക്ഷണ ഭിത്തി നിർമ്മാണം | CM അബ്യ/ 26/ 2015-16 | 682362/ 17.3.2016 = 112964 | 45.90x 2367/m3 = 108645 | 45.90x 2292.20/m3 = 105211.98 | 3433 |

ഈ പ്രവൃത്തിയിൽ അധികം നൽകിയ ആകെ തുകയായ 17898 ( 14465 +3433) രൂപ കൺവീനറിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 12 ന് മറുപടിയൊന്നും നൽകിയില്ല).

## 3-11 കുടുംബശ്രീ ക്ക് റിവോൾവിംങ് ഫണ്ട് നല്കിയത്

| | |
|---|---|
| പ്രോജക്ട് നം | S00 21/2016 |
| പ്രോജക്ടിന്റെ പേര് | കുടുംബശ്രീക്ക് റിവോൾവിംങ് ഫണ്ട് നല്കിയത് |
| ചെലവ് വിവരം | 50000/-<br>ബിൽ 17/15-16<br>തിയതി 22.3.16 |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കോഴിപ്പിള്ളി |

താഴെ പറയുന്ന 5 കുടുംബശ്രീ യൂണിറ്റുകൾക്ക് 10000/- രൂപ വീതം റിവോൾവിംങ് ഫണ്ട് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | കുടുംബശ്രീ | നല്കിയ | പ്രോജക്ടിന്റെ |
|---|---|---|---|

| | യൂണിറ്റിന്റെ പേര് | തുക | പേര് |
|---|---|---|---|
| 1 | നിർമ്മല | 10000 | കൃഷി |
| 2 | സേവന 2 | 10000 | തുണിക്കച്ചവടം |
| 3 | ഉദയസൂര്യ | 10000 | കൃഷി |
| 4 | രൂപ ശ്രീ | 10000 | കൃഷി |
| 5 | ജ്യോതീസ് | 10000 | കൃഷി |

മേൽ പ്രോജക്ടുകളിൽ താഴെപ്പറയുന്ന അപാകതകളുണ്ട്

1) മേൽ സൂചിത യൂണിറ്റുകളുടെ ബാങ്ക് ട്രാൻസാക്ഷൻ സംബന്ധിച്ച പാസ്സ് ബുക്ക് ഓഡിറ്റിന് ഹാജരാക്കിയില്ല.

2) മേൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് പ്രസ്തുത യുണിറ്റുകൾ പഞ്ചായത്തിൽ നിന്നും ലഭിച്ച ലൈസൻസ് ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

3) പ്രസ്തുത കുടുംബശ്രീ യുണിറ്റുകൾ ആരംഭിക്കുന്ന പ്രോജക്ടിൽ വിവരിക്കുന്ന വ്യവസായം സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈ ചെലവ് തുക യിലെ 30,000/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. രൂപ ശ്രീ നിർമ്മല യൂണിറ്റിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 75000 | വിഭിന്ന ശേഷി യുള്ളവർക്ക് സ്കോളർഷിപ്പ് | 75000 | 0 |
| ജില്ല പഞ്ചായത്ത് | 2015-16 | 62317 | വിഭിന്ന ശേഷി യുള്ളവർക്ക് സ്കോളർഷിപ്പ് | 62317 | 0 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾക്ക് മുൻകൂർ നൽകിയിട്ടില്ല.

## 4-3. മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2015-16 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4. വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ലഭിച്ച / തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാ രംഭ ത്തിൽതിരി ച്ചടയ്ക്കാൻ ബാക്കിയു ണ്ടാ യിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്.ഭവന നിർമ്മാണം | സ.ഉ.നം. 483 /2009/ ത.സ്വ. ഭവ./11.2. 2009 | 6250000 | 3137323 | 600000 | 0 | 2537323 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 110/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ / സ്ഥാപനത്തിന്റെ പേര് | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2003-04 | 3-2 | 110 | കെ.വി സഞ്ജീവ് , കൃഷി ഓഫീസർ | 11504100253/ 7.5.2015 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വർഷം | 2015-16 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 26928773 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 30903235 |
| വരവിനങ്ങളിലുള്ള നഷ്ടം | 21733 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 52749 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 60000 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 612 | ശ്രീ ടി.കെ. രാധാകൃഷ്ണൻ, സെക്രട്ടറി |
| 3-3 | - | 4000 | ശ്രീ ടി.കെ. രാധാകൃഷ്ണൻ, സെക്രട്ടറി |
| 3-4 | - | 5520 | ശ്രീമതി ഷീല പി.വി., ഐ.സി.ഡി.എസ്, സൂപ്പർവൈസർ |
| 3-8 | - | 6832 | ശ്രീ ആലിയാർ, ഹെഡ്മാസ്റ്റർ |
| 3-9 | - | 14,448 | ശ്രീ ഹരി ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | - | 17898 | ശ്രീ ഹരി ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | - | 49310 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 30000 | ഡോ.അനിത എൻ.ഷേണായി, മെഡിക്കൽ ഓഫീസർ (PHC) |
| 3-11 | 30000 | ശ്രീ.സിദ്ധിഖ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 60000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| | | |
|---|---|---|
| 2-1 | 21733 | ശ്രീ ടി.കെ. രാധാകൃഷ്ണൻ, സെക്രട്ടറി |
| 3-2 | 3439 | ശ്രീ ടി.കെ. രാധാകൃഷ്ണൻ, സെക്രട്ടറി |
| ആകെ | 25172 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ടി.കെ. രാധാകൃഷ്ണൻ, സെക്രട്ടറി | വിരമിച്ചു | താണിവീട്ടിൽ ഹൗസ്, നേര്യമംഗലം |
| ഡോ.അനിത എൻ.ഷേണായി, മെഡിക്കൽ ഓഫീസർ (PHC) | മെഡിക്കൽ ഓഫീസർ (PHC), വാരപ്പെട്ടി | വില്ലനം. 5, വാനില ഗ്രോവ്, കടയിരുപ്പ്, കോലഞ്ചേരി |
| ശ്രീ ആലിയാർ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, GLPS, എളങ്ങാവം | പാലിയത്ത് ഹൗസ്, മൈലൂർ, പല്ലാരിമംഗലം |
| ശ്രീമതി ഷീല പി.വി., ഐ.സി.ഡി.എസ്, സൂപ്പർവൈസർ | ഐ.സി.ഡി.എസ്, സൂപ്പർവൈസർ, വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് | ആലാട്ടുകുടിയിൽ ഹൗസ്, വാരപ്പെട്ടി പി.ഒ. |
| ശ്രീ ഹരി ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് | രേവതി ഹൗസ്, ഈസ്റ്റ് കടുങ്ങല്ലൂർ, യു.സി.കോളേജ് പി.ഒ., ആലുവ |
| ശ്രീ എം.എസ്. സിദ്ദിഖ്, വില്ലേജ് എക് സ്റ്റൻഷൻ ഓഫീസർ | ലഭ്യമാക്കിയില്ല | മുന്നോർകോട്ട് ഹൗസ്, പല്ലാരിമംഗലം |

.

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-00 | എൽ.എഫ്.ഇ(പി1)1318/01, തീയതി.16.01.2002 |
| 2000-01 | എൽ.എഫ്.ഇ(പി1)909/02, തീയതി.16.02.2002 |
| 2001-02 | എൽ.എഫ്.ഇ(പി1)862/03, തീയതി.14.11.2003 |
| 2002-03 | എൽ.എഫ്.ഇ(പി1)284/05, തീയതി.15.11.2005 |
| 1997-98 | എൽ.എഫ്.ഇ(പി7)1440/08, തീയതി.08.04.2009 |
| 2003-04 | എൽ.എഫ്.ഇ(പി7)1442/08, തീയതി.08.04.2009 |

| | |
|---|---|
| 2004-05 | എൽ.എഫ്.ഇ(പി7)1443/08, തീയതി.08.04.2009 |
| 2005-06 | എൽ.എഫ്.ഇ(പി7)1444/08, തീയതി.08.04.2009 |
| 2006-07 | എൽ.എഫ്.ഇ(പി7)1445/08, തീയതി.08.04.2009 |
| 2007-08 | എൽ.എഫ്.ഇ(പി7)850/12, തീയതി.12.07.2012 |
| 2008-09 | എൽ.എഫ്.ഇ(പി7)851/12, തീയതി.12.07.2012 |
| 2009-10 | എൽ.എഫ്.ഇ(പി7)296/11, തീയതി.12.07.2012 |
| 2010-11 | എൽ.എഫ്.ഇ(പി7)852/12, തീയതി.12.07.2012 |
| 2011-12, 2012-13 | എൽ.എഫ്.ഇ(പി7)1351/14, തീയതി.12.12.2014 |
| 2013-14 & 2014-15 | കെ.എസ്.എ-ഇ.കെ.എം (പി7)423/16, തീയതി.21.5.2016 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

## അനുബന്ധം- 1

## ഓഡിറ്റ് സർട്ടഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(പി.7)42/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271

ഇ-മെയിൽ : lfadekm@gmail.com
തീയതി :16.01.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

# APPENDIX - I

## AUDIT CERTIFICATE

No.K.S.A.-EKM(P7) 42/2017

Kerala State Audit Department
District Audit Office, Ernakulam,

Civil Station, Kakkanad -682030
Phone : 0484 2422271,
E-mail : lfadekm@gmail.com
Dated: 16.01.2017

Certified that I have audited the Annual Financial Statement of Varappetty Grama Panchayath in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Varappetty Grama Panchayath for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director(H.G.)